മഞ്ചേരി മണ്ഡലത്തിലെ വായപ്പാറപ്പടി-പുല്ലഞ്ചേരി-ആനക്കയം റോഡ് പണി

78 [677] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ വായപ്പാറപ്പടി-പുല്ലഞ്ചേരി-ആനക്കയം റോഡ് നബാർഡ് എറ്റെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ റോഡിന്റെ പണി എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ പണി എപ്പോൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത റോഡിന് നബാർഡിന്റെ ആർ. ഐ. ഡി. എഫ്. 10 സ്കീമിൽ ധനസഹായം ലഭ്യമായിട്ടുണ്ട്.

(ബി) 2005 മാർച്ച് മാസത്തിൽ തുടങ്ങുവാനാകും.

(സി) 2006 മാർച്ച് മാസത്തോടെ പൂർത്തിയാകും.

ബാലുശ്ശേരി ജംഗ്ഷനിൽ സ്റ്റേറ്റ് ഹൈവേയിലുള്ള പാലം പുതുക്കി പണിയുന്നതിന് നടപടി

79 [678] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ജംഗ്ഷനിൽ സ്റ്റേറ്റ് ഹൈവേയിലുള്ള പാലം പുതുക്കി പണിയുന്നതിന് ഡിപ്പാർട്ടുമെന്റ് നിർദ്ദേശം സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പാലം പുതുക്കിപ്പണിയുന്നതിന് എന്ത് തുകയാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിന് ഭരണാനുമതി നൽകിയോ ; എങ്കിൽ എന്നാണ് നൽകിയത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-യും, ബി-യും സി-യും) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ജംഗ്ഷനിൽ സ്റ്റേറ്റ് ഹൈവേയിലുള്ള പാലം പുതുക്കി പണിയുന്നതിന് ഡിപ്പാർട്ട്മെന്റ് ശുപാർശകളൊന്നും ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല. നബാർഡ് സഹായത്തിന് സമർപ്പിക്കുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകിയിട്ടുണ്ട്.

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഓരിക്കടവ് പാലം നിർമ്മാണം

80 [679] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഓരിക്കടവ് പാലം നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും എപ്പോൾ പ്രവൃത്തി പുനരാരംഭിക്കുമെന്നും അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഓരിക്കടവ് പാലത്തിന്റെ ബാക്കി പണികൾ ഓപ്പൺ ടെൻഡർ പ്രകാരം നടത്തുന്നതിന് 29-1-2005-ലെ സർക്കാർ ഉത്തരവ് (സാധാരണം) നമ്പർ 115/05/പൊ.മ.വ. മുഖേന അനുമതി നൽകിയിട്ടുണ്ട്.

മലേഷ്യൻ ഗവൺമെന്റിന്റെ സഹായത്തോടുകൂടി നിർമ്മിക്കുന്ന പാലക്കാട്-കുളപ്പുള്ളി റോഡിന്റെ നിർമ്മാണം

81 [680] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലേഷ്യൻ ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി നിർമ്മിക്കുന്ന പാലക്കാട്-കുളപ്പുള്ളി റോഡിന്റെ നിർമ്മാണകരാറിന്റെ സമയപരിധി നീട്ടിക്കൊടുത്തിട്ടുണ്ടോ; എങ്കിൽ ഏതുവരെയാണ്;

(ബി) പ്രസ്തുത പണിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) ഇപ്പോൾ പി.ഡബ്ല്യു. ഡി. റേറ്റ് റിവിഷന്റെ ഭാഗമായി റേറ്റിൽ മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പാലക്കാട്-കുളപ്പുള്ളി റോഡിൽ പാലക്കാട് മുതൽ ഷൊർണ്ണൂർ വരെ (45.30 കി.മീ.) യുള്ള റോഡു വികസനം ലോകബാങ്ക് സഹായത്തോടെയാണ് നടത്തുന്നത്. ഈ പണിക്കുള്ള കരാറിന്റെ കാലാവധി 2005 മാർച്ച് 31 വരെ താല്കാലികമായി നീട്ടിയിട്ടുണ്ട്.

(ബി) പാലക്കാട്-ഷൊർണ്ണൂർ (45.30 കി. മീ.), തൃശൂർ-കുറ്റിപ്പുറം (33.50) ഉൾപ്പെടെ ആകെ 78.40 കി. മീറ്ററിന് കരാർ തുക 140 കോടി രൂപ.

(സി) ഇല്ല.

ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ

82[681] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ബി) ഓരോ വർക്കിന്റെയും ഇപ്പോഴത്തെ ഘട്ടം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർക്കുകൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly